"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - ദേവികുളം യാത്രിനിവാസ്- ശ്രീ. രതീഷ് തങ്കരാജ്, ശ്രീ. ശ്രീജിത്ത് എസ്. നായർ- ദിവസവേതനാടിസ്ഥാനത്തിൽ നിലനിർത്തുന്നതിനും വേതനം അനുവദിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.181/2024/TSM    തീയതി,തിരുവനന്തപുരം, 22-03-2024

പരാമർശം:- വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 23.01.2024 ലെ DOT/10467/2023-E4 നമ്പർ കത്ത്

**ഉത്തരവ്**

വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ദേവികുളം യാത്രിനിവാസിൽ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് തസ്തികയിൽ ശ്രീ. രതീഷ് തങ്കരാജ് (ടി കമ്പനി, പൊട്ടൻകാട് പി.ഒ, ഇടുക്കി), വാച്ചർ തസ്തികയിൽ ശ്രീ. ശ്രീജിത്ത് എസ് നായർ (പൂപ്പാറ, ഇടുക്കി) എന്നീ വ്യക്തികളെ 10.10.2023 തീയതി മുതൽ 90 ദിവസം ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് വകുപ്പിൽ നിന്നും അനുമതി നൽകുകയും പ്രസ്തുത കാലാവധി 07.01.2024 തീയതിയിൽ അവസാനിക്കുകയും ചെയ്തു.

(2) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതനാടിസ്ഥാനത്തിലെ നിയമനത്തിന് കാലതാമസം നേരിട്ട സാഹചര്യത്തിലും ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, വാച്ചർ തസ്തികകളിൽ ജീവനക്കാരുടെ സേവനം അത്യാവശ്യമായി വന്ന അടിയന്തര സാഹചര്യത്തിലും, ശ്രീ. രതീഷ് തങ്കരാജ്, ശ്രീ. ശ്രീജിത്ത് എസ്. നായർ എന്നീ വ്യക്തികളെ യഥാക്രമം ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, വാച്ചർ തസ്തികകളിൽ തുടർന്നും നിലനിർത്തുന്നതിനും വേതനം അനുവദിക്കുന്നതിനുമുള്ള അനുമതി നൽകണമെന്നു വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേവികുളം യാത്രിനിവാസിന്റെ സുഗമമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കായി ശ്രീ. രതീഷ് തങ്കരാജ്

എന്ന വ്യക്തിയെ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് തസ്തികയിലും ശ്രീ. ശ്രീജിത്ത് എസ്. നായർ എന്ന വ്യക്തിയെ വാച്ചർ തസ്തികയിലും 10.01.2024 മുതൽ 179 ദിവസത്തേയ്ക്കോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന/ സ്ഥിരനിയമനം നടക്കുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ ദിവസവേതനാടിസ്ഥാനത്തിൽ നിലനിർത്തുന്നതിനും വേതനം അനുവദിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ് , തിരുവനന്തപുരം
ശ്രീ. രതീഷ് തങ്കരാജ്, ശ്രീ. ശ്രീജിത്ത് എസ്. നായർ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/44/2024-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 22-03-2024 12:31:54
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്